D2AML2201 **(2 Pages)** **Name............................**
**Reg.No..........................**

**SECOND SEMESTER M.A DEGREE EXAMINATION, APRIL 2023**

**മലയാളം**

**FMAL2C05: ആധുനിക മലയാള ഗദ്യം**

**Time: 3 Hours** **Maximum Weightage: 30**

**Part A: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. " ഇതു കാണുമ്പോൾ മറ്റെല്ലാ വിഷമങ്ങളും ഞാൻ മറക്കും. എനിക്ക് നല്ല ഉശിരു തോന്നും." എന്തിനെക്കുറിച്ചാണ് കുഞ്ചുനായർ ഇങ്ങനെ ഓർക്കുന്നത്?
2. " ലേശം സുഗന്ധം പൂശിയ അത്ഭുതകരമായ തട്ടിപ്പ്" എന്ന് ബഷീർ വിശേഷിപ്പിക്കുന്നത് എന്താണ്?
3. " സീതയ്ക്ക് നീതി കിട്ടാത്ത ഈ രാജ്യത്ത് ഏതു സ്ത്രീയ്ക്കാണ് നീതി ലഭിക്കുക". ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക?
4. " കല മരണത്തിന്റെ സഖാവായ ഒരു അനുഗ്രഹമാണെ'ന്ന ഷോപ്പൻ ഹോവറുടെ വാദത്തെ ഡോ: ഭാസ്കരൻനായർ വിശദീകരിക്കുന്നതെങ്ങനെ?
5. " മനുഷ്യന്റേതായ യാതൊന്നും അതിന് അന്യമല്ല" എന്ന പ്രത്യയശാസ്ത്രം വച്ചുപുലർത്തിയിരുന്ന മാസിക പരിചയപ്പെടുത്തുക?
6. " ഇക്കാലത്തിനിടയ്ക്ക് അധികം അറിയപ്പെടാത്ത ഒരു കൊച്ചു വഴിയിലൂടെ കവിതാ സംസ്കാരത്തിന്റെ ഓണപ്പൂക്കൾ എന്റെ മനസ്സിൽ വിരിഞ്ഞത് പഴഞ്ചൊല്ലുകളിലൂടെയും കടങ്കഥകളിലൂടെയും ആണ്". ആരുടെ മനസ്സിൽ?
7. " ഗോസായിക്കുന്നിന്റെ താഴ്‌വരയിൽ കടപ്പുറത്തെ വിജനതയിൽ ഒരു സ്വർണ്ണ മത്സ്യം പോലെ പൂക്കുഞ്ഞീബി അടിഞ്ഞു കിടന്നു ". സന്ദർഭം വ്യക്തമാക്കുക?

**(4 × 2 = 8 വെയ്റ്റേജ്)**

**Part B: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക 3 വെയ്റ്റേജ് വീതം.**

8. ‘കോലാട്’ എന്ന കഥയുടെ ഔചിത്യം പരിശോധിക്കുക?

9. രാവുണ്ണി എന്ന നാടകം സാമൂഹിക പ്രശ്നങ്ങളോട് സംവദിക്കുന്നത് എങ്ങനെ?

10. ചിത്രകലയും കാവ്യ കലയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?

11. ‘നളിനി’യിലെ സ്ത്രീപക്ഷ ദർശനത്തെ ഡോ:എം ലീലാവതി നോക്കിക്കാണുന്നത് എങ്ങനെ?

12. ഒരു കാലഘട്ടത്തിന്റെ വികാരവിചാരങ്ങൾ വിസ്മയ കരമാം വിധം ഒപ്പിയെടുത്ത വിഖ്യാതമായ നോവലാണ് ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും”. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക?

13. ‘ സ്വപ്നങ്ങൾക്ക് ചിറകുകളുണ്ട്’ എന്ന ആത്മകഥ നിങ്ങൾക്ക് നൽകിയ വായനാനുഭവം വിലയിരുത്തുക?

14. “നോക്കമ്മേ, എനിക്കിപ്പോൾ അമ്മയുടെ ഛായയില്ലേ “? കഥയിൽ ഈ ചോദ്യത്തിന്റെ വ്യാപ്തി പരിശോധിക്കുക?

**(4 × 3 = 12 വെയ്റ്റേജ്)**

**(PTO)**

**Part C: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക . അഞ്ച് വെയ്റ്റേജ് വീതം**

15. ആത്മനിഷ്ഠവും സൂക്ഷ്മവുമായ ആവിഷ്കാരങ്ങളിലൂടെ കഥയെ ആധുനികതയുടെ വക്താക്കളായ കഥാകാരന്മാർ ശ്രമിച്ചത്.പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ഈ അഭിപ്രായം പരിശോധിക്കുക?

16. മനുഷ്യജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ ആവിഷ്കരിക്കാൻ സാധിക്കുന്ന സാഹിത്യരൂപമാണ് നോവൽ. സമർ ത്ഥിക്കുക?

17. മലയാളിയുടെ സാമൂഹ്യ ജീവിതത്തെ ശക്തമായി സ്വാധീനിക്കുന്ന കലാരൂപമാണ് നാടകം. പഠനവിധേയമായ നാടകങ്ങളെ മുൻനിർത്തി ഈ അഭിപ്രായം പരിശോധിക്കുക?

18. ഭിന്നവിഷയങ്ങളിലും ശൈലികളിലും ഉള്ള നിരൂപണങ്ങൾ കൊണ്ട് സമ്പന്നമാണ് മലയാളത്തിലെ നിരൂപണ സാഹിത്യം. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക?

**(2 × 5 = 10 വെയ്റ്റേജ്)**